'ഭരണഭാഷ – മാതൃഭാഷ'

150 വർഷം മഹാത്മാവിനെ ഇന്ത്യ ആഘോഷിക്കുന്നു

# കേരള സർക്കാർ

## സംഗ്രഹം

ധനകാര്യ വകുപ്പ് – പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് 2020–21 വർഷത്തെ പ്രത്യേക ഉത്സവബത്ത അനുവദിച്ച് – ഉത്തരവ് പുറപ്പെടുവിക്കുന്നു.

## ധനകാര്യ (പി.യു.സി.) വകുപ്പ്

സ.ഉ. (അച്ചടി) നം.119 /2021/ധന തിരുവനന്തപുരം, തീയതി, 17.08.2021

പരാമർശം: 1. സ.ഉ. (അച്ചടി) നം. 115/2021/ധന തീയതി 13.08.2021

2. സ.ഉ. (അച്ചടി) നം. 61/2021/തൊഴിൽ തീയതി 05.08.2021

## ഉത്തരവ്

പൊതുമേഖലാ സ്ഥാപനങ്ങളിലെ താഴെ പറയുന്ന വിഭാഗത്തിൽപ്പെട്ട ബോണസിനർഹതയില്ലാത്ത ജീവനക്കാർക്ക് നിബന്ധനകൾക്ക് വിധേയമായി പ്രത്യേക ഉത്സവബത്തയായി 2,750/– രൂപ (രണ്ടായിരത്തി എഴുന്നൂറ്റി അൻപതു രൂപ) അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(i) സ്ഥാപനം പ്രവർത്തനമാരംഭിച്ച വർഷം തന്നെ ബോണസ് ലഭ്യമാകുന്നതിൽ നിന്നും ഒഴിവാക്കപ്പെട്ടിട്ടുള്ള പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാർ.

(ii) 31.03.2021 നോ അതിനു മുമ്പോ വിരമിച്ചതും/വിടുതൽ ചെയ്യപ്പെട്ടതും എന്നാൽ 2020–21 സാമ്പത്തിക വർഷം തുടർച്ചയായി ആറുമാസം സേവനം അനുഷ്ഠിച്ചിട്ടുള്ളതുമായ ജീവനക്കാർ ഈ ഉത്തരവിലെ മറ്റ് വ്യവസ്ഥകൾ പ്രകാരം അർഹരാണെങ്കിൽ 2020–21 ലെ പ്രത്യേക ഉത്സവബത്തയ്ക്ക് അർഹതയുള്ളവരായിരിക്കും.

(iii) കഴിഞ്ഞ വർഷം ഓണാവധിക്കു ശേഷം ജോലിയിൽ പ്രവേശിച്ചതും ഈ ഉത്തരവ് പുറപ്പെടുവിക്കുന്ന തീയതിയിൽ സർവീസിലുള്ളതുമായ റഗുലർ/താത്കാലിക ജീവനക്കാർ, 2021 ലെ നാലാം ഓണദിവസത്തിന് മുമ്പ് സർവ്വീസിൽ പ്രവേശിച്ച റഗുലർ ജീവനക്കാർ.

(iv) 2020–21 സാമ്പത്തിക വർഷത്തിൽ 6 മാസത്തെ തുടർച്ചയായ സർവീസ് പൂർത്തിയാക്കി ഈ ഉത്തരവ് പുറപ്പെടുവിക്കുന്ന തീയതിയ്ക്ക് മുമ്പേ വിടുതൽ ചെയ്ത കരാർ ജീവനക്കാർ (contract employees), 2020–21 സാമ്പത്തിക വർഷത്തിൽ 6 മാസത്തെ തുടർച്ചയായ സർവീസുള്ളതും ഈ ഉത്തരവ് തീയതിയിൽ സർവീസിലുള്ളതുമായ കരാർ ജീവനക്കാർ (contract employees)

(v) എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന പ്രൊവിഷണലായി നിയമനം ലഭിച്ചതും ഒന്നാം ഓണത്തിനു മുമ്പ് (20.08.2021) സേവനത്തിലുള്ളതും എന്നാൽ നാലാം ഓണത്തിനുമുമ്പ് (23.08.2021) സേവനം അവസാനിപ്പിച്ച് സർവ്വീസിൽ നിന്നും വിടുതൽ ചെയ്യപ്പെടാനിടയില്ലാത്തതുമായ ജീവനക്കാർ, അവരുടെ സേവന ദൈർഘ്യം കണക്കിലെടുക്കാതെ അർഹരാണ്.

ഒന്നാം ഓണത്തിനു മുമ്പ് (20.08.2021) സേവനത്തിലുള്ളതും എന്നാൽ നാലാം ഓണത്തിനു മുമ്പ് (23.08.2021) സേവനത്തിൽ നിന്നും നീക്കം ചെയ്യാനിടയില്ലാത്തതുമായ ദിവസവേതനാടിസ്ഥാനത്തിലുള്ള ജീവനക്കാർക്ക് 1210/- രൂപ (ആയിരത്തി ഇരുനൂറ്റി പത്ത് രൂപ) നിരക്കിൽ പ്രത്യേക ഉത്സവബത്തയും അനുവദിച്ച് ഉത്തരവാകുന്നു.

പ്രത്യേക ഉത്സവബത്തയ്ക്ക് മാത്രം അർഹതയുള്ള മേൽപ്പറഞ്ഞ വിഭാഗത്തിൽപ്പെട്ട ജീവനക്കാർക്ക് പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നും അധികമായി മറ്റേതെങ്കിലും പേരിലോ രൂപത്തിലോ ഉള്ള പ്രതിഫലം അനുവദിക്കുകയാണെങ്കിൽ ആയത് ടി സ്ഥാപനങ്ങളുടെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർമാരുടെ വ്യക്തിഗതമായ ബാധ്യതയായി കണക്കാക്കി തിരിച്ചുപിടിക്കുന്നതാണെന്നും വ്യവസ്ഥ ചെയ്യുന്നു.

ബഹു.മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് ഉത്സവബത്ത സംഭാവനയായി നൽകാൻ താല്പര്യമുള്ള ജീവനക്കാർക്ക് ആയതിനുള്ള സമ്മതപത്രം നൽകാവുന്നതാണ്. ആയതിനുള്ള ക്രമീകരണങ്ങൾ വരുത്തേണ്ടതാണ്.

**(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)**
**രാജേഷ് കുമാർ സിംഗ്**
**അഡീഷണൽ ചീഫ് സെക്രട്ടറി**

പകർപ്പ് :

1. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ജി & എസ്.എസ്.എ.) കേരള, തിരുവനന്തപുരം
2. അക്കൗണ്ടന്റ് ജനറൽ (ഇ.&ആർ.എസ്.എ.) കേരള,തിരുവനന്തപുരം
3. പ്ലാനിംഗ് & എക്കണോമിക് അഫയേഴ്സ് (BPE) വകുപ്പ്
4. എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളുടെയും / ബോർഡുകളുടെയും / കോർപ്പറേഷന്റെയും ചീഫ് എക്സിക്യൂട്ടീവ്സ്.
5. ലേബർ കമ്മീഷണർ, തിരുവനന്തപുരം
6. എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർ / പ്രിൻസിപ്പൽ സെക്രട്ടറിമാർ / സെക്രട്ടറിമാർ / സ്പെഷ്യൽ സെക്രട്ടറിമാർ/ അഡീഷണൽ സെക്രട്ടറിമാർ / ജോയിന്റ് സെക്രട്ടറിമാർ / ഡെപ്യൂട്ടി സെക്രട്ടറിമാർ / അണ്ടർ സെക്രട്ടറിമാർ
7. ഗവർണ്ണറുടെ സെക്രട്ടറി
8. മുഖ്യമന്ത്രിയുടെയും മറ്റു മന്ത്രിമാരുടെയും പ്രൈവറ്റ് സെക്രട്ടറിമാർ
9. സ്പീക്കറുടെയും ഡെപ്യൂട്ടി സ്പീക്കറുടെയും പ്രൈവറ്റ് സെക്രട്ടറിമാർ

10. പ്രതിപക്ഷ നേതാവിന്റെ പ്രൈവറ്റ് സെക്രട്ടറി
11. സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകൾക്കും
12. പബ്ലിക് റിലേഷൻ ഡയറക്ടർ, തിരുവനന്തപുരം
13. നോഡൽ ഓഫീസർ www.finance.kerala.gov.in
14. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി (PU-C1/108/2021-FIN)

ഉത്തരവിൻ പ്രകാരം

(ഒപ്പ്)

**അക്കൗണ്ട്സ് ഓഫീസർ**